**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

ധനപ്രതിസന്ധി

മി.സ്പീക്കർ: സംസ്ഥാന സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ പരാജയംമൂലം ധനപ്രതിസന്ധി ഉണ്ടായതായും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തി പദ്ധതി പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാക്കിയതായും പറയപ്പെടുന്ന സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ ഡോ. മാത്യു കുഴൽനാടൻ, ശ്രീ. കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേരളത്തെ സംബന്ധിച്ച് ധനകാര്യമേഖലയെക്കുറിച്ചുള്ള ചർച്ച വളരെ ഗൗരവതരമായ കാര്യമാണ്. ഇത് തൊട്ടുമുമ്പുള്ള ചോദ്യത്തിലും വന്ന കാര്യങ്ങളാണ്. അതുകൊണ്ട് പ്രസ്തുത വിഷയം സംബന്ധിച്ച് ചർച്ച ചെയ്യാവുന്നതാണ്.

<u>മി. സ്പീക്കർ</u>: ഇന്നത്തെ റൂൾ 50 നോട്ടീസിൽ പരാമർശിക്കുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച ചർച്ച ഉച്ചയ്ക്ക് 12.00 മണിക്ക് ആരംഭിക്കുന്നതാണ്. രണ്ടുമണിക്കൂർ സമയമാണ് ചർച്ചയ്ക്കായി നീക്കിവയ്ക്കുന്നത്. ഇന്ന് മൂന്ന് ബില്ലുകളും നാൽപ്പതോളം സബ്മിഷനുകളും ശ്രദ്ധക്ഷണിക്കലുമുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളും മന്ത്രിമാരും കാര്യങ്ങൾ പരമാവധി ചുരുക്കി അവതരിപ്പിക്കാൻ ശ്രമിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. സബ്മിഷനുകൾക്കുള്ള മറുപടി പറയുമ്പോൾ മന്ത്രിമാർ പരമാവധി സമയം ചുരുക്കുക. ഉത്തരം മേശപ്പുറത്തുവയ്ക്കുകയാണെങ്കിൽ അത്രയും നല്ലതായിരിക്കും.